**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2304** **8.03.2017-ൽ മറുപടിക്ക്**

### വൈദ്യുതി വിഹിതം സംബന്ധിച്ച കരട് നയം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. വി.ടി.ബൽറാം :<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. റോജി എം. ജോൺ<br>ശ്രീ. വി.എസ്.ശിവകുമാർ | | ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | വൈദ്യുതി വിഹിതം സംബന്ധിച്ച് കേന്ദ്രം പുതിയ കരട് നയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. കേന്ദ്ര ഗവൺമെന്റ് ഉടമസ്ഥതയിലുള്ള വൈദ്യുതി നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി വിഹിതം സംബന്ധിച്ച് ആഗസ്റ്റ് 2016 ൽ കേന്ദ്ര ഗവൺമെന്റ് ഒരു കരട് നയം പ്രഖ്യാപിച്ചിട്ടുണ്ട്.<br>കേന്ദ്ര ഗവൺമെന്റിന്റെ അധീനതയിൽ വരുന്ന വൈദ്യുതി നിലയങ്ങളിൽ നിന്ന് സംസ്ഥാനങ്ങൾക്കുള്ള വൈദ്യുതിയുടെ വിഹിതം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങളാണ് ടി നയത്തിൽ നിഷ്കർഷിക്കുന്നത്. നിലവിലുള്ള നയമനുസരിച്ച് എല്ലാ കേന്ദ്ര നിലയങ്ങളിൽ നിന്നുമുള്ള വൈദ്യുതിയുടെ 15% സംസ്ഥാനങ്ങൾക്ക് പങ്കിടാതെ (അൺ അലോക്കേറ്റഡ് പവർ) വകമാറ്റിവയ്ക്കുന്നു. ഈ വൈദ്യുതി, അത്യാവശ്യ ഘട്ടങ്ങളിൽ ഉപയോഗ ത്തിനായി സംസ്ഥാനങ്ങളുടെ ആവശ്യാനു സരണം കേന്ദ്ര സർക്കാർ പങ്കുനൽകുന്നതും ബാക്കി വരുന്ന 85% വൈദ്യുതി താഴെ പറയുന്ന രീതിയിൽ പങ്കു വെയ്ക്കുന്നതാണ്. |

| നിലയം | നിലയം സ്ഥിതി ചെയ്യുന്ന സംസ്ഥാനത്തിന് | ആ മേഖലയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് |
|---|---|---|
| താപ വൈദ്യുതി | 10% | 75% |
| ജല വൈദ്യുതി | 13% | 72% |
| ആണവം | 50% | 35% |

എന്നാൽ പുതിയ കരട് നിയമമനുസരിച്ച് 15% മാറ്റിവയ്ക്കപ്പെട്ട (അൺ അലോക്കേറ്റഡ് പവർ) വിഹിതം കഴിഞ്ഞാൽ ബാക്കി വരുന്ന 85% വിഹിതം മുഴുവനും നിലയം സ്ഥിതി ചെയ്യുന്ന സംസ്ഥാനത്തിന് ലഭിക്കും. ടി സംസ്ഥാനത്തിന് ആവശ്യമില്ലെങ്കിൽ മാത്രമേ ഈ നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി മറ്റ് സംസ്ഥാനങ്ങൾക്ക് ലഭിക്കുകയുള്ളൂ.

| | | | |
|---|---|---|---|
| | | | പുതിയ കരട് നയത്തിലെ വ്യവസ്ഥകൾ പുതുതായി വരുന്ന കേന്ദ്ര ഗവൺമെന്റിന്റെ ഉടമസ്ഥതയിൽ വരുന്ന നിലയങ്ങൾക്ക് മാത്രമാണ് ബാധകം. നിലവിലുള്ള നിലയങ്ങളിൽ നിന്നുള്ള വിഹിതത്തെ ഇത് ബാധിക്കുന്നതല്ല. |
| (ബി) | സംസ്ഥാനത്ത് ഈ കരട് നയം എങ്ങനെയാണ് ബാധിക്കുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. പ്രസ്തുത കരട് നയം നടപ്പാക്കുന്നത് സംസ്ഥാനത്തെ ദോഷകരമായി ബാധിക്കും.<br>സംസ്ഥാനത്ത് പുതുതായിട്ട് ജലവൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുന്നതിന് പാരിസ്ഥിതികവും സാമൂഹികവുമായ അനുകൂല സാഹചര്യം നിലവിലില്ല. കൂടാതെ, താപവൈദ്യുത നിലയങ്ങളോ ആണവ നിലയങ്ങളോ സ്ഥാപിക്കുന്നതിനുള്ള ഇന്ധന ലഭ്യതയും സ്ഥലസൗകര്യവും നിലവിലില്ല, അതിനാൽ സംസ്ഥാനത്തിന്, മറ്റ് സംസ്ഥാനങ്ങളിൽ സ്ഥാപിക്കുന്ന വൈദ്യുത നിലയങ്ങളെ ആശ്രയിക്കേണ്ടി വരും.<br>പുതിയ കരട് നയം നടപ്പാക്കിയാൽ മറ്റ് സംസ്ഥാനങ്ങളിൽ പുതുതായി സ്ഥാപിക്കുന്ന കേന്ദ്ര ഉടമസ്ഥതയിലുള്ള വൈദ്യുത നിലയങ്ങളിൽ നിന്നും കേരളത്തിന് വൈദ്യുതി ലഭിക്കാൻ കഴിയാത്ത സാഹചര്യം നിലവിൽ വരും. |
| (സി) | സംസ്ഥാനത്തിന് ദോഷകരമായ വ്യവസ്ഥകൾ കരട് നയത്തിൽ നിന്ന് ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്ത് വൈദ്യുത നിലയങ്ങൾ സ്ഥാപിക്കാനുള്ള പാരിസ്ഥിതിക സാഹചര്യം നിലവിൽ ഇല്ലെന്നും, ടി കരട് നിയമത്തിലെ വ്യവസ്ഥകൾ ഊർജ്ജ ഉത്പാദനത്തിനുള്ള പ്രകൃതി വിഭവങ്ങൾ ഇല്ലാത്ത സംസ്ഥാനങ്ങളെ ഗുരുതരമായി ബാധിക്കുമെന്ന് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. പ്രകൃതി വിഭവങ്ങൾ എല്ലാ സംസ്ഥാനങ്ങളിലും തുല്യമായിട്ടല്ല എന്നതിനാൽ, ലഭ്യമായ വിഭവങ്ങൾ എല്ലാ സംസ്ഥാനങ്ങൾക്കും പ്രയോജനം ലഭിക്കത്തക്ക വിധം ഉചിതമായി വീതിച്ച് നൽകേണ്ട ഉത്തരവാദിത്വം കേന്ദ്ര ഗവൺമെന്റിൽ നിക്ഷിപ്തമാണെന്നും, ടി കാരണത്താൽ തന്നെ നിലവിലുള്ള നയം മാറ്റം കൂടാതെ തുടരണമെന്നും സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ വൈദ്യുത നിലയങ്ങൾ സ്ഥാപിക്കുന്ന സംസ്ഥാനങ്ങൾക്ക് ഇത് മൂലം അനുഭവിക്കുന്ന നഷ്ടം നികത്തുന്നതിന് ആവശ്യമായി വരുന്ന അധികച്ചെലവ് നികത്തുന്നതിന് സെസ്സ് ഈടാക്കാനുള്ള ഒരു പദ്ധതി ആവിഷ്കരിക്കണമെന്നും അറിയിച്ചിട്ടുണ്ട്. |

Hemalatha

**സെക്ഷൻ ഓഫീസർ**